കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ

## <u>അറിയിപ്പ്</u>

ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷ ക്ഷണിച്ചിട്ടുള്ള തസ്തികകൾക്ക് 01..07.14 മുതൽ നടത്തുന്ന പരീക്ഷകൾക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ശേഖരിക്കേണ്ടതില്ല എന്ന് കമ്മീഷൻ ഉത്തരവായിരിക്കുന്നു. ഇതിൻപ്രകാരം 01.07.14 മുതൽ നടത്തുന്ന ഇത്തരം പരീക്ഷകളുടെ അഡ്മിഷൻ ടിക്കറ്റിൽ ഐഡന്റിഫിക്കേഷൻ സർട്ടിഫിക്ക് ഉണ്ടായിരിക്കുന്നതല്ല. ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഒഴിവാക്കിക്കൊണ്ടും ഫോട്ടോ അഡ്മിഷൻ ടിക്കറ്റിന്റെ മുകൾ ഭാഗത്ത് ക്രമീകരിച്ചുകൊണ്ടുള്ള പുതുക്കിയ അഡ്മിഷൻ ടിക്കറ്റുകൾ ആയിരിക്കും ഉദ്യോഗാർത്ഥികൾക്ക് **download** ചെയ്യുന്നതിനായി വെബ്സൈറ്റിൽ നൽകിയിട്ടുള്ളത്. 04.07.14, 08.07.14 എന്നീ തീയതികളിലെ പ രീക്ഷകൾക്ക് പഴയ രീതിയിലുള്ള അഡ്മിഷൻ ടിക്കറ്റുകൾ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് അത് ഉപയോഗിച്ച് പരീക്ഷ എഴുതാവുന്നതാണ്. ഇത്തരം അഡ്മിഷൻ ടിക്കറ്റുകൾ ലഭിച്ച ഉദ്യോഗാർത്ഥികളിൽ നിന്നും ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് ശേഖരിക്കുന്നതല്ല. ഉദ്യോഗാർത്ഥികൾ പരീക്ഷ എഴുതുന്നതിന് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കണം എന്നും ഫോട്ടോയിൽ പേര്, ഫോട്ടോ എടുത്ത തീയതി എന്നിവ ഉണ്ടായിരിക്കണമെന്നും ഉള്ള നിബന്ധനകളിൽ മാറ്റമില്ല.

(ഒപ്പ്)

സെക്രട്ടറി
കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ